പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3659 | 17 –10 –2011 – ൽ മറുപടിയ്ക്ക് |
|---|---|

<u>ബേപ്പൂർ –ചെറുവണ്ണൂർ സി.എച്ച്.സി.യുടെ ശോച്യാവസ്ഥ</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എളമരം കരീം: | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |

(എ) ബേപ്പൂർ മണ്ഡലത്തിലെ ചെറുവണ്ണൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൻെറ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്;

(എ) യും (ബി) യും ഉണ്ട്. ബേപ്പൂർ മണ്ഡലത്തിലെ ചെറുവണ്ണൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ ഒ.പി.വിഭാഗം മാത്രമാണ് പ്രവർത്തിക്കുന്നത്. സ്ഥലപരിമിതിമൂലം പുതിയ കെട്ടിട നിർമ്മാണത്തിന് പഴയകെട്ടിടം പൊളിച്ചു മാറ്റേണ്ടതുണ്ട്. ആശുപത്രിയിലെ ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിന് ദിവസേന ടാങ്കറിൽ ശുദ്ധജലം എത്തിക്കുന്നുണ്ട് ഈ ആശുപത്രിയിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ നേഴ്സിംഗ് അസിസ്റ്റൻറിൻെറയും ഹോസപിറ്റൽ അറ്റൻഡൻറിൻെറയും ലീവ് വേക്കൻസിയിൽ താൽകാലികാടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കണമെന്ന് കോഴിക്കോട് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയ്ക്കനുസരിച്ച് മാത്രമെ ഐ.പി.ആരംഭിക്കുന്നതിനും, അധിക തസ്തിക അനുവദിക്കുന്നതിനും കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ.